**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം,തിരുവനന്തപുരം.**

വിഷയം :- ആ.വ.ഡ - ജീവനക്കാര്യം - സീനിയർ നഴ്സിംഗ് ആഫീസർ സ്ഥാനക്കയറ്റം പുന:ക്രമീകരിച്ചും സ്ഥലം മാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 07.07.2021, 04.08.2021 ലെ ഇതേ നമ്പർ ഉത്തരവുകൾ
2. സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ

**ഉത്തരവ് നം. ഇ.ഇ 5-11993/2020/ആ.വ.ഡ. തീയതി. 15.09.2021**

നഴ്സിംഗ് ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 04.08.2021 ന് അവസാനിക്കുന്നതിനാൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വേഗത്തിലാക്കി തുടർന്ന് വരുന്ന നഴ്സിംഗ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. ക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതിനാൽ സീനിയറായ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കാതെയാണ് പരാമർശം (1) പ്രകാരം ജൂനിയറായ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിലവിലെ ഒഴിവുകൾ നികത്തിയത്.

ആയതിനാൽ സീനിയറായ സീനിയർ നഴ്സിംഗ് ഓഫീസർ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിച്ച് 04.08.2021 ലെ ഉത്തരവ് പുന:ക്രമീകരിച്ചും സ്ഥലം മാറ്റം നൽകിയും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിലെ സ്ഥാപനം | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം | അഭിപ്രായം |
|---|---|---|---|---|
| 1. | സോജകുമാരി.എസ് | താലൂക്കാശുപത്രി, കോന്നി, പത്തനംതിട്ട | താലൂക്കാസ്ഥാന ആശുപത്രി, പുനലൂർ, കൊല്ലം | |
| 2. | ജയശ്രീ.എം. | ജില്ലാആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട | സാമൂഹികാരോഗ്യകേന്ദ്രം, ഏനാദിമംഗലം, പത്തനംതിട്ട | |
| 3. | കൈരളി.കെ.എം. | ജില്ലാ മാതൃകാശുപത്രി, പേരൂർക്കട, തിരുവനന്തപുരം | ജില്ലാആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട | |
| 4. | ബീന.ആർ. | ജനറൽ ആശുപത്രി, തിരുവനന്തപുരം | താലൂക്കാശുപത്രി, കോന്നി, പത്തനംതിട്ട | അനുകമ്പാർഹമായ സാഹചര്യം |
| 5. | സിന്ധു.എം.എൽ. | ജനറൽ ആശുപത്രി, തിരുവനന്തപുരം | സാമൂഹികാരോഗ്യ കേന്ദ്രം, കുമരകം, കോട്ടയം | |
| 6. | ശോഭന പച്ചിരി | സാമൂഹികാരോഗ്യകേന്ദ്രം, വളവന്നൂർ, മലപ്പുറം | ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം | |
| 7. | സിനിമോൾ മാത്യു | ജനറൽ ആശുപത്രി, തിരുവനന്തപുരം | സാമൂഹികാരോഗ്യകേന്ദ്രം, ചിത്തിരപുരം, ഇടുക്കി | |
| 8. | സൂസമ്മ ജേക്കബ് | സാമൂഹികാരോഗ്യകേന്ദ്രം, ചിത്തിരപുരം, ഇടുക്കി | ജനറൽ ആശുപത്രി, തിരുവനന്തപുരം | |

GOVERNMENT OF KERALA 2017-18

96276

| | | | | |
|---|---|---|---|---|
| 9. | ജാസ്മിൻ ജോയ് | W&C, മങ്ങാട്ടുപറമ്പ്, കണ്ണൂർ | ജനറൽ ആശുപത്രി, തിരുവനന്തപുരം | |
| 10. | ഷീബ.ജി.എസ്. | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് | ജനറൽ ആശുപത്രി, തിരുവനന്തപുരം | |
| 11. | സുധ മാത്യു | സാമൂഹികാരോഗ്യ കേന്ദ്രം, ഏനാദിമംഗലം, പത്തനംതിട്ട | ജില്ലാ മാതൃകാശുപത്രി, പേരൂർക്കട, തിരുവനന്തപുരം | |
| 12. | ലൂസി.വി.ആർ. | താലൂക്കാസ്ഥാന ആശുപത്രി, പുനലൂർ, കൊല്ലം | W&C, മങ്ങാട്ടുപറമ്പ്, കണ്ണൂർ | |
| 13. | സലീന.എ.കെ. പെൻ. 300616 | ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം | സാമൂഹികാരോഗ്യകേന്ദ്രം, വളവന്നൂർ, മലപ്പുറം | |
| 14. | ജാൻസി.റ്റി.ആൻഡ്രൂസ് | സാമൂഹികാരോഗ്യ കേന്ദ്രം, കുമരകം, കോട്ടയം | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് | |

07.07.2021 ലെ ഉത്തരവ് പ്രകാരം ക്രമനമ്പർ (44) ശ്രീമതി.സവിത.എ.എൽ.ന് ആലപ്പുഴ ജില്ലയിലെ സാമൂഹികാരോഗ്യകേന്ദ്രം , തണ്ണീർമുക്കത്തിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ ഹെഡ് നഴ്സ് ന്റെ ഒഴിവ് നിലവിലില്ലാത്തതിനാൽ ശ്രീമതി.സവിത.എ.എൽ. ന് ജോലിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല.. എന്നാൽ 01.09.2021 മുതൽ തണ്ണീർമുക്കം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഹെഡ് നഴ്സ് തസ്തികയിൽ ഒഴിവ് നിലവിൽ വന്നതിനാൽ ശ്രീമതി.സവിത.എ.എൽ. (ഹെഡ് നഴ്സ്, ജില്ലാ മാതൃകാശുപത്രി, പേരൂർക്കട, തിരുവനന്തപുരം) ന് തണ്ണീർമുക്കം സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് പുനർ നിയമനം നൽകി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ /പ്രവേശന നടപടിയ്ക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതിയും പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ.ബിന്ദുമോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ / ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

**// ഉത്തരവിൻ പ്രകാരം //**

**സൂപ്രണ്ട്**

എ.എസ്. 15/9/21

GOVERNMENT OF KERALA 2017-18

62767